"ഭരണഭാഷ-മാതൃഭാഷ"

എച്ച്2/15546/2018

വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്,
തൃശ്ശൂർ, തിയതി 04/10/2018
Phone No.04872-2360810
Website:www.ddethrissur .org.
Email:ddedntsr@gmail.com.

പ്രേഷിതൻ,

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്

ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ,
ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ,
എല്ലാ പ്രധാന അദ്ധ്യാപകർക്കും (വിദ്യാഭ്യാസ ആഫീസർ മുഖാന്തിരം)

സർ,

വിഷയം: പൊതു വിദ്യാഭ്യാസം - പ്രകൃതി ദുരന്ത നിവാരണം - ഒക്ടോബർ 5 മുതൽ പ്രതീക്ഷിക്കുന്ന മഴയും ചുഴലിക്കാറ്റും - മുന്നൊരുക്കങ്ങൾ - സംബന്ധിച്ച്.

സൂചന: 1) 4/10/2018 തിയ്യതിയിലെ ബഹു. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം.
2) 19/07/2018 ലെ കെ.1/1268/18 ബഹു. ജില്ലാ കളക്ടറുടെ കത്ത്.

.........

ഇക്കഴിഞ്ഞ പ്രളയദുരന്തത്തിനുശേഷം ഒക്ടോബർ 5 മുതൽ 7 വരെ തിയ്യതികളിൽ വീണ്ടും അതി തീവ്രമായ മഴയ്ക്കും ചുഴലിക്കാറ്റിനും സാദ്ധ്യതയുള്ളതായി കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചിട്ടുണ്ട്. ഇതിനെതുടർന്ന് ദുരന്ത നിവാരണ അതോറിറ്റി മാർഗ്ഗ നിർദ്ദേശങ്ങൾ അറിയിച്ചിട്ടുണ്ട്. മേൽ സൂചനയിൽ കാണിച്ചിട്ടുള്ള 04/10/2018 തിയ്യതിയിൽ ബഹു.ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാന താഴെ പറയും പ്രകാരം നിർദ്ദേശങ്ങൾ നൽകുന്നു. ഇത് കൃത്യമായി പാലിക്കേണ്ടതാണ്.

- മഴക്കെടുതി മൂലം നാശനഷ്ടങ്ങൾ ഉണ്ടാകുവാൻ സാധ്യതയുള്ള വിദ്യാലയങ്ങൾ സംബന്ധിച്ച് വ്യക്തമായ വിവരം ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകൾ 05/10/2018 ന് ഉച്ചയ്ക്ക് 12 മണിക്കുള്ളിൽ ഈ കാര്യാലയത്തെ അറിയിക്കണം.
- ഒരു മണിക്കൂറിലധികം നീണ്ടു നിൽക്കുന്ന മഴയോ, അതി തീവ്രമായ മഴയോ ഉണ്ടാകുന്ന പക്ഷം വിദ്യാലയങ്ങളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് എത്തിച്ചേരുന്നതിനോ, തിരികെ പോകുന്നതിനോ സാധിക്കാത്ത സാഹചര്യം ഏതെങ്കിലും പ്രദേശത്ത് ഉണ്ടെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ അടിയന്തിരമായി ഫോൺ വഴിയും ഇ.മെയിൽ ആയും അറിയിക്കേണ്ടതാണ്.
- ഏതെങ്കിലും വിദ്യാലയത്തിലോ വിദ്യാലയം നിൽക്കുന്ന പ്രദേശത്തോ മഴക്കെടുതി മൂലം അസാധാരണമായി എന്തെങ്കിലും സംഭവിച്ചാൽ ഉടനെ ഈ കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Scanned by CamScanner

- സ്കൂളുകളിൽ കാറ്റിൽ വീഴുവാൻ സാധ്യതയുള്ള ഏതെങ്കിലും വൃക്ഷങ്ങൾ അരികിലായി നിൽക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് ഉടനെ മുറിച്ചുമാറ്റേണ്ടതും തുടർന്ന് വാല്വുവേഷൻ നിശ്ചയിച്ച് ലേലം നടത്തുന്നതിനും സൂചന പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സ്കൂൾ മതിൽകെട്ടിനകത്ത് സൂക്ഷിച്ചിട്ടുള്ളതും എന്നാൽ കാറ്റിൽവീണാൽ വിദ്യാർത്ഥികൾക്കോ, നാട്ടുകാർക്കോ ഭീഷണിയാകാവുന്നതുമായ എല്ലാ ഫ്ലക്സ് ബോർഡുകളും ഉടനെ അഴിച്ചുമാറ്റുവാൻ പ്രധാനാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.
- 06/10/2018 ശനിയാഴ്ച ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധിയായിരിക്കുന്നതും അന്നേദിവസം പ്രത്യേക ക്ലാസ്സുകളോ ഏതെങ്കിലും പരിശീലനങ്ങളോ വിദ്യാലയത്തിൽ സംഘടിപ്പിക്കാൻ പാടുള്ളതല്ല. 06/10/2018 ന് പകരമുള്ള പ്രവൃത്തി ദിനം പിന്നീട് അറിയിക്കുന്നതായിരിക്കും.
- ഏതെങ്കിലും പ്രത്യേക സാഹചര്യത്തിലോ മുന്നൊരുക്കത്തിന്റെ ഭാഗമായോ വിദ്യാലയങ്ങളിൽ ക്യാമ്പുകൾ പ്രവർത്തിക്കേണ്ടിവന്നാൽ ബന്ധപ്പെട്ട റവന്യൂ അധികൃതർക്ക് അനുവാദം നൽകേണ്ടതാണ്.
- ഏതൊരു അടിയന്തിര സാഹചര്യത്തിലും ദുരന്ത നിവാരണത്തിനായി റവന്യൂ അധികൃതർ അദ്ധ്യാപകരുടേയോ, ജീവനക്കാരുടേയോ സേവനം ആവശ്യപ്പെട്ടാൽ പ്രധാന അദ്ധ്യാപകർ നിരുപാധികം വിട്ടുനൽകേണ്ടതും അദ്ധ്യാപകരും ജീവനക്കാരും സ്വമേധയാ സേവനം ചെയ്യേണ്ടതുമാണ്.
- ഒക്ടോബർ 5,6,7 തിയ്യതികളിൽ എല്ലാ ജീവനക്കാരും അദ്ധ്യാപകരും സ്ഥലത്തുണ്ടാകേണ്ടതും ആവശ്യപ്പെടുന്ന സ്ഥലത്ത് ഉടനെ എത്തിച്ചേരേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ.**

പി.എസ്./4.10.

Scanned by CamScanner